# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 183 10.12.2012 ലെ മറുപടിക്ക്

### എയർ കേരള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>,, ഷാഫി പറമ്പിൽ :<br>,, പി. സി. വിഷ്ണുനാഥ് :<br>,, സണ്ണി ജോസഫ് : | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ്മന്ത്രി) | |
| (എ) | എയർ കേരള പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്ന പ്രവാസി മലയാളികളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത്, സർക്കാരിന്റെ പങ്കാളിത്തത്തോടെ ഒരു ബഡ്ജറ്റ് എയർലൈൻ മുഖാന്തിരം കുറഞ്ഞ ചിലവിലുള്ള യാത്രാസൗകര്യം ഏർപ്പെടുത്തുക എന്നതാണ്. എയർകേരള പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. |
| (ബി) | ഇതിന്റെ നടത്തിപ്പിനായി കോർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഉണ്ട്. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ നാല് ഉദ്യോഗസ്ഥരടങ്ങുന്ന ഒരു കോർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | കോർ കമ്മിറ്റിയുടെ ചുമതലകൾ എന്തെല്ലാം; | (സി) | എയർ കേരളയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഏകോപനം, പട്ടികയിൽപ്പെട്ട എയർ ലൈനുകൾക്കുള്ള എൻ.ഒ.സിക്ക് വേണ്ടിയുള്ള അപേക്ഷ തയ്യാറാക്കുക, എയർലൈൻ പ്രവർത്തനങ്ങളുടെ പ്രാരംഭ സജ്ജീകരണങ്ങൾ തയ്യാറാക്കുക, വിവിധ ഏജൻസികളും മറ്റ് ബന്ധപ്പെട്ടവരുമായും ചർച്ചകൾ നടത്തുക തുടങ്ങിയവയാണ് കോർ കമ്മിറ്റിയുടെ ചുമതലകൾ. |
| (ഡി) | പദ്ധതിയുടെ അപേക്ഷ ഡി.ജി.സി.എ- ക്ക് നൽകിയിട്ടുണ്ടോ; | (ഡി) | ഇല്ല. |

| | | | |
|---|---|---|---|
| (ഇ) | പദ്ധതിയുടെ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഇ) | എയർ കേരള ഇന്റർനാഷണൽ സർവ്വീസസ് ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് Ernest and Young എന്ന കൺസൾട്ടന്റുകൾ 2006 ൽ സമർപ്പിച്ച വിശദമായ പദ്ധതിറിപ്പോർട്ട് പുനരവലോകനം ചെയ്ത് പുതുക്കുന്നതിന് അവരെ തന്നെ നിയമിച്ചിട്ടുണ്ട്. 2012 ഡിസംബർ മാസം പകുതിയോട് കൂടി പുതുക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് അവരിൽ നിന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ